# Mathrubhumi

# 22 August 2018

# Angamaly, After Flood, Flood Victims

## ദുരിതങ്ങൾ ഏറ്റുവാങ്ങി രാധ

**അങ്കമാലി ▸** ഭർത്താവിനെയും മകളെയും കാൻസറിലൂടെ മരണം തട്ടിയെടുത്തപ്പോൾ പട്ടാമ്പിയിൽ ആകെയുണ്ടായിരുന്ന മുതലെല്ലാം വിറ്റുപെറുക്കിയാണ് രാധ അങ്കമാലി വേങ്ങൂർ കോളനിയിൽ ചെറിയ വീട് വാങ്ങിയത്. ഭിന്നശേഷിക്കാരനായ മകനെയും കൂട്ടി വേങ്ങൂരിലെത്തിയത് സഹോദരി അരികിലുണ്ടാകുമെന്ന ആശ്വാസത്തിൽ മാത്രമാണ്. എന്നാൽ, എന്നും ദുരിതങ്ങൾ മാത്രം സമ്മാനിച്ചിട്ടുള്ള വിധി രാധയെ വീണ്ടും പ്രളയരൂപത്തിലെത്തി വേട്ടയാടി.

വ്യാഴാഴ്ച രാധയുടെ വീട് പ്രളയത്തിൽ മുങ്ങി. വീട്ടുസാധനങ്ങൾ പലതും ബെർത്തിന്റെ മുകളിൽ കയറ്റിവച്ച ശേഷമാണ് രാധ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറിയത്. വെള്ളം കുറച്ച് ഇറങ്ങിയപ്പോൾ രാധ വീട്ടിൽ ചെന്നുനോക്കി. വീട്ടുപകരണങ്ങളെല്ലാം വെള്ളത്തിൽ ഒഴുകി നടക്കുന്നു. ആകെയുണ്ടായിരുന്ന ഒരു കട്ടിലും കിടക്കയുമെല്ലാം നശിച്ചു. വീടിന് തകരാർ പറ്റി. രോഗിയായ രാധയ്ക്ക് വരുമാനമൊന്നുമില്ല. ഭിന്നശേഷിക്കാരനായ മകന്റെ സംരക്ഷണത്തിനും നിർവാഹമില്ല.

ഇനി എന്തു ചെയ്യുമെന്നറിയാതെ തളർന്നിരിക്കുകയാണ് രാധ. ചൊവ്വാഴ്ച വീട്ടിൽ തിരിച്ചെത്തിയപ്പോൾ വീടാകെ ചെളിനിറഞ്ഞ് കിടക്കുകയാണ്. സഹോദരി തങ്കയുടെയും മറ്റും സഹായത്തോടെ മണിക്കൂറുകൾ എടുത്താണ് വീട് വൃത്തിയാക്കിയത്. കിണർ മലിനമായതിനാൽ കുടിവെള്ളത്തിനും മാർഗമില്ല.



▶ രാധ വേങ്ങൂർ കോളനിയിലെ വീട് വൃത്തിയാക്കുന്നു